**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 228. 06.02.2018 -ലെ മറുപടിക്ക്.

## തൊഴിൽ നയം

ചോദ്യം

**ശ്രീ.കെ.മുരളീധരൻ**
**ശ്രീ.കെ.എസ്.ശബരീനാഥൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ.ഷാഫി പറമ്പിൽ:**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തൊഴിൽ നയം രൂപീകരിച്ചിട്ടുണ്ടോ; | (എ) | കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നയം നടപ്പിലാക്കുന്നതിലൂടെ തൊഴിൽ മേഖലയിൽ എന്തൊക്കെ സമഗ്ര മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; | | ഉത്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക, ന്യായമായ മെച്ചപ്പെട്ട വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തി ശുചിത്വം എന്നിവ ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിലാളി സമൂഹത്തിന് സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും സാമൂഹ്യ സുരക്ഷയും ആരോഗ്യ സംരക്ഷണവും ഉറപ്പ് വരുത്തുക തുടങ്ങി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് സംരംഭക സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ നയം ഊന്നൽ നൽകുന്നു. സമസ്ത മേഖലയിലേയും തൊഴിലാ |

| | | | |
|---|---|---|---|
| | | | ളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുവാനും തൊഴിൽ നയം ലക്ഷ്യമിടുന്നു. |
| (സി) | ഐ.റ്റി. മേഖലയിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥയുടെ പശ്ചാത്തലത്തിൽ, പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവരുടെ ജോലി സ്ഥിരത ഉറപ്പു വരുത്തുന്നതിന് തൊഴിൽ നയത്തിൽ പ്രത്യേക പ്രാധാന്യം നൽകുമോ; | (സി) | ഐ.ടി. മേഖലയടക്കം എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് തൊഴിൽനയത്തിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. |
| (ഡി) | ഇവരെ കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ബോർഡിൽ അംഗങ്ങളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ഡി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ